# ശിർക്കിനെക്കുറിച്ചുള്ള ഭയം

അല്ലാഹുﷻ പറഞ്ഞു:

﴿ إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا ﴾

(തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആര് അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്. ) (വി.ക്വു. 4: 48)

ഇബ്റാഹീം‍ﷺ പ്രാർത്ഥിച്ചതായി (അല്ലാഹുﷻ പറയുന്നു):

﴿ وَٱجۡنُبۡنِي وَبَنِيَّ أَن نَّعۡبُدَ ٱلۡأَصۡنَامَ ﴾

(...എന്നെയും എന്റെ മക്കളേയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ...) (വി.ക്വു. 14: 35)

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«أخْوَفُ ما أخافُ عليكم الشركَ الأصغر» فسئل عنه فقال: «الرياء»

"നിങ്ങളുടെമേൽ ഞാൻ ഏറ്റവും ഭയക്കുന്നത് 'ശിർക്കുൻ അസ്ഗർ' ആണ്." അപ്പോൾ (പ്രവാചകൻﷺ) അതിനെകുറിച്ച് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: "ലോകമാന്യത" (അഹ്മദ്)

ഇബ്നു മസ്ഊദ്‍رضي الله عنهവിൽ നിന്ന് നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«مَنْ ماتَ وهُوَ يدعُو مِنْ دونِ اللهِ نداًّ، دخلَ النارَ»

“അല്ലാഹുവിന് സമന്മാരെവിളിച്ച് പ്രാർത്ഥിച്ചുകൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചതുതന്നെ.”
(ബുഖാരി)

ജാബിർﷺവിൽ നിന്ന് നിവേദനം: ‘‘തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«مَنْ لَقِيَ اللهَ لاَ يُشْرِكُ بِهِ شَيْئًا دَخَلَ الْجَنَّةَ, وَمَنْ لَقِيَهُ يُشْرِكُ بِهِ شَيْئًا دَخَلَ النَّارَ»

“അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാതെ അവനെ (മരണാനന്തരം) കണ്ടുമുട്ടുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു. അവനിൽ വല്ലതിനേയും പങ്കുചേർത്തുകൊണ്ട് (മരണാനന്തരം) കണ്ടുമുട്ടിയവൻ നരകത്തിൽ പ്രവേശിച്ചിരിക്കുന്നു.” (മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- ശിർക്കിനെ കുറിച്ചുള്ള ഭയം
- ലോകമാന്യത ശിർക്കിൽപ്പെട്ടതാണ്.
- ലോകമാന്യത ചെറിയ ശിർക്കിലാണ് ഉൾപ്പെടുക
- സ്വാലിഹീങ്ങളുടെമേൽ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ലോകമാന്യതയാണ്.
- സ്വർഗ്ഗവും നരകവും അടുത്താണ്.
- ഒരു ഹദീഥിൽ തന്നെ അവ രണ്ടിനുമിടയിലെ അടുപ്പത്തെ ഒരുമിച്ച് പറഞ്ഞിരിക്കുന്നു.
- ആര്, അല്ലാഹുﷻയിൽ യാതൊന്നും പങ്കുചേർക്കാതെ അവനെ കണ്ടുമുട്ടിയാൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ആരെങ്കിലും അല്ലാഹുﷻയിൽ വല്ലതും പങ്കുചേർത്തുകൊണ്ട് അവനെ കണ്ടുമുട്ടിയാൽ അയാൾ നരകത്തിൽ പ്രവേശിക്കും; അയാൾ ജനങ്ങളിൽവെച്ച് ഏറ്റവും നന്നായി ഇബാദത് ചെയ്യുന്നവനാണെങ്കിലും ശരി.
- ഇബ്രാഹീം عليه السلام തനിക്കും തന്റെ സന്തതികൾക്കും വിഗ്രഹാരാധനയിൽ നിന്ന് രക്ഷകിട്ടുവാൻ അല്ലാഹുﷻയോട് തേടിയത് ഗൗരവമേറിയ വിഷയമാണ്.

- (...നാഥാ, അവകൾ ധാരാളം ആളുകളെ വഴിതെറ്റിച്ചു...) (വി.ക്വു. 14: 36) എന്ന വാക്യത്തിലൂടെ അദ്ദേഹം ഭൂരിപക്ഷ ത്തിന്റേയും അവസ്ഥയാണ് കണക്കിലെടുത്തത്.
- ഇമാം ബുഖാരിؒ രിവായത് ചെയ്തതുപോലെ അതിൽ 'ലാ ഇലാഹാ ഇല്ലല്ലാഹു' വിന്റെ തഫ്സീർ ഉണ്ട്.
- ശിർക്കിൽ നിന്ന് രക്ഷപ്പെട്ടവരുടെ മഹത്വം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**